# ഖുർആൻ ബോധനം

എ.വൈ.ആർ

643

സൂറ-16

# അന്നഹ്ൽ

خَلَقَ ٱلسَّمَٰوَٰتِ وَٱلْأَرْضَ بِٱلْحَقِّ ۚ تَعَٰلَىٰ عَمَّا يُشْرِكُونَ ﴿٣﴾

خَلَقَ ٱلْإِنسَٰنَ مِن نُّطْفَةٍ فَإِذَا هُوَ خَصِيمٌ مُّبِينٌ ﴿٤﴾

وَٱلْأَنْعَٰمَ خَلَقَهَا ۗ لَكُمْ فِيهَا دِفْءٌ وَمَنَٰفِعُ وَمِنْهَا تَأْكُلُونَ ﴿٥﴾

وَلَكُمْ فِيهَا جَمَالٌ حِينَ تُرِيحُونَ وَحِينَ تَسْرَحُونَ ﴿٦﴾

وَتَحْمِلُ أَثْقَالَكُمْ إِلَىٰ بَلَدٍ لَّمْ تَكُونُوا۟ بَٰلِغِيهِ إِلَّا بِشِقِّ ٱلْأَنفُسِ ۚ إِنَّ رَبَّكُمْ لَرَءُوفٌ رَّحِيمٌ ﴿٧﴾

وَٱلْخَيْلَ وَٱلْبِغَالَ وَٱلْحَمِيرَ لِتَرْكَبُوهَا وَزِينَةً ۚ وَيَخْلُقُ مَا لَا تَعْلَمُونَ ﴿٨﴾

وَعَلَى ٱللَّهِ قَصْدُ ٱلسَّبِيلِ وَمِنْهَا جَآئِرٌ ۚ وَلَوْ شَآءَ لَهَدَىٰكُمْ أَجْمَعِينَ ﴿٩﴾

**3** അല്ലാഹു ആകാശ ഭൂമികളെ യാഥാർഥ്യമായി സൃഷ്ടിച്ചിരിക്കുന്നു. ജനം ആരോപിക്കുന്ന പങ്കാളിത്തങ്ങളിൽനിന്നെല്ലാം ഉന്നതനാണവൻ.

**4** മനുഷ്യനെ സൃഷ്ടിച്ചത് ഒരു ശുക്ലകണത്തിൽനിന്നത്രെ. എന്നിട്ട് ആ മനുഷ്യനിതാ തെളിഞ്ഞ താർക്കികനായിരിക്കുന്നു.

**5** കാലികളെയും അവൻ സൃഷ്ടിച്ചതാകുന്നു. നിങ്ങൾക്കവയിൽ ചൂടേകുന്ന വസ്ത്രമു്. വേറെയും പല പ്രയോജനങ്ങളു്. അവയെ നിങ്ങൾ ആഹരിക്കുകയും ചെയ്യുന്നു.

**6** പ്രഭാതത്തിൽ മേയാൻ വിട്ടയക്കുമ്പോഴും പ്രദോഷത്തിൽ തിരിച്ചു കൊുവരുമ്പോഴും അവയിൽ നിങ്ങൾക്ക് സൗന്ദര്യവുമു്.

**7** നിങ്ങൾക്ക് വളരെ ക്ലേശത്തോടെയല്ലാതെ ചെന്നെത്താനാവാത്ത നാട്ടിലേക്ക് അവ നിങ്ങളുടെ ഭാരങ്ങൾ ചുമക്കുന്നു. നിങ്ങളുടെ വിധാതാവ് ഏറെ കനിവുറ്റവനും ദയാമയനും തന്നെ.

**8** നിങ്ങൾക്കു വാഹനമായും ജീവിതാലങ്കാരമായും അവൻ കുതിരകളെയും കോവർ കഴുതകളെയും കഴുതകളെയും സൃഷ്ടിച്ചുതന്നു. നിങ്ങളറിയാത്ത പലതും നിങ്ങളുടെ ജീവിത സൗകര്യാർഥം അവൻ സൃഷ്ടിച്ചുകൊിരിക്കുന്നു.

**9** മാർഗങ്ങളിൽ വക്രമായതും ഉണ്ടെന്നിരിക്കെ സന്മാർഗം കാണിച്ചു കൊടുക്കുക അല്ലാഹുവിന്റെ തന്നെ ചുമതലയാകുന്നു. അവൻ ഇഛിച്ചിരുന്നുവെങ്കിൽ നിങ്ങളെല്ലാവരെയും സന്മാർഗത്തിലാക്കുമായിരുന്നു.

خَلَقَ ٱلسَّمَٰوَٰتِ وَٱلْأَرْضَ = അവൻ(അല്ലാഹു) ആകാശഭൂമികളെ സൃഷ്ടിച്ചിരിക്കുന്നു
بِٱلْحَقِّ = യാഥാർഥ്യം(കൊ്)മായി
تَعَٰلَىٰ = അവൻ അത്യുന്നതനാകുന്നു
عَمَّا يُشْرِكُونَ = ജനം ആരോപിക്കുന്ന പങ്കാളിത്തങ്ങളിൽനിന്ന്(എല്ലാം)

ഒരു ശുക്ലകണത്തിൽനിന്ന്(അത്രെ) =مِن نُّطۡفَةٖ മനുഷ്യനെ അവൻ സൃഷ്ടിച്ചു(ച്ചത്) =خَلَقَ ٱلۡإِنسَٰنَ

തെളിഞ്ഞ =مُّبِينٞ അധികം തർക്കിക്കുന്നവൻ(താർക്കികൻ ആയിരിക്കുന്നു) =خَصِيمٞ അപ്പോൾ(എന്നിട്ട്)അൻ(അതാ) =فَإِذَا هُوَ

അതിൽ നിങ്ങൾക്ക് ഉ് =لَكُمۡ فِيهَا അവൻ സൃഷ്ടിച്ചു(ച്ചത് ആകുന്നു) =خَلَقَهَا കാലികളെയും =وَٱلۡأَنۡعَٰمَ

അതിൽനിന്ന്(അവയെ) =وَمِنۡهَا (വേറെയും പല)പ്രയോജനങ്ങൾ ഉ് =وَمَنَٰفِعُ ചൂട്, ചൂടേകുന്ന വസ്ത്രം =دِفۡءٞ

നിങ്ങൾക്ക് അതിൽ സൗന്ദര്യമു് =وَلَكُمۡ فِيهَا جَمَالٌ നിങ്ങൾ തിന്നുന്നു(ആഹരിക്കുകയും ചെയ്യുന്നു) =تَأۡكُلُونَ

(പ്രദോഷത്തിൽ)നിങ്ങൾ(അവയെ)തിരിച്ചുകൊുവരുമ്പോൾ =حِينَ تُرِيحُونَ

അവ വഹിക്കുന്നു =وَتَحۡمِلُ നിങ്ങൾ പ്രഭാതത്തിൽ (അവയെ മേയാൻ)വിട്ടയക്കുമ്പോഴും =وَحِينَ تَسۡرَحُونَ

നാട്ടിലേക്ക് =إِلَىٰ بَلَدٖ നിങ്ങളുടെ ഭാരങ്ങൾ =أَثۡقَالَكُمۡ

നിങ്ങൾ അതിനെ പ്രാപിക്കുന്നവരായിട്ടില്ലാത്ത(നിങ്ങൾക്ക് ചെന്നെത്താനാവാത്ത) =لَّمۡ تَكُونُواْ بَٰلِغِيهِ

നിശ്ചയമായും നിന്റെ വിധാതാവ് =إِنَّ رَبَّكُمۡ ശരീരങ്ങളുടെ ക്ലേശംകൊല്ലാതെ(വളരെ ക്ലേശത്തോടെയല്ലാതെ) =إِلَّا بِشِقِّ ٱلۡأَنفُسِۚ

കോവർ കഴുതകളെയും =وَٱلۡبِغَالَ കുതിരകളെയും =وَٱلۡخَيۡلَ ദയാമയനായ =رَّحِيمٞ ഏറെ കനിവുറ്റവൻ തന്നെ =لَرَءُوفٞ

നിങ്ങൾ അവയെ സവാരി ചെയ്യാൻ(ശ്ക്ക് വാഹനമായും) =لِتَرۡكَبُوهَا കഴുതകളെയും(അവൻ സൃഷ്ടിച്ചു തന്നു) =وَٱلۡحَمِيرَ

(നിങ്ങളുടെ ജീവിത സൗകര്യാർഥം) അവൻ സൃഷ്ടിച്ചുകൊിരിക്കുന്നു =وَيَخۡلُقُ (ജീവിത) അലങ്കാരമായും =وَزِينَةٗۚ

അല്ലാഹുവിന്റെ(തന്നെ) ചുമതലയാകുന്നു =وَعَلَى ٱللَّهِ നിങ്ങൾ അറിയാത്തത്(പലതും) =مَا لَا تَعۡلَمُونَ

വക്രമായത് =جَآئِرٞۚ അതിൽ ചിലത് ഉായിരിക്കേ =وَمِنۡهَا സന്മാർഗം(കാണിച്ചു തരിക) =قَصۡدُ ٱلسَّبِيلِ

തീർച്ചയായും അവൻ നിങ്ങളെ സന്മാർഗത്തിലാക്കുമായിരുന്നു =لَهَدَىٰكُمۡ അല്ലാഹു ഇഛരിച്ചിരുന്നുവെങ്കിൽ =وَلَوۡ شَآءَ

എല്ലാവരെയും =أَجۡمَعِينَ

**3:** ചില വ്യക്തികളെ പ്രവാചകന്മാരായി തെരഞ്ഞെടുത്ത് ദിവ്യ ബോധനം നൽകിക്കൊ് മർത്യസമൂഹങ്ങളിൽ സത്യപ്രബോധനത്തിന് നിയോഗിക്കുന്ന ദൈവിക നടപടിയുടെ താൽപര്യമെന്താണെന്ന് വിശദീകരിക്കുകയാണ് ഇനി ഏതാനും സൂക്തങ്ങളിൽ.

അല്ലാഹു പ്രപഞ്ചത്തെ സൃഷ്ടിച്ചിട്ടുള്ളത് യാഥാർഥ്യമായിട്ടാണ്. بِٱلۡحَقِّ എന്നാണ് മൂലവാക്ക്. حق ന്റെ അർഥം *ഖുർആൻ ബോധനം* നേരത്തെ ഈ പദം വന്ന സന്ദർഭങ്ങളിൽ വിശദീകരിച്ചിരിക്കുന്നു. സോദ്ദേശ്യം, സലക്ഷ്യമായി, ആസൂത്രിതമായി എന്നൊക്കെയാണ് ഇവിടെ അതിന്റെ താൽപര്യം. അതായത് പ്രപഞ്ചം യാദൃഛികമായോ അലക്ഷ്യമായോ അനാസൂത്രിതമായോ ഉളവായതല്ല. അല്ലാഹു സോദ്ദേശ്യം സലക്ഷ്യം ആസൂത്രിതമായി സൃഷ്ടിച്ചതാണ്. പ്രാപഞ്ചിക പ്രതിഭാസങ്ങളിലോരോന്നും ആസൂത്രിതമായി ഉളവാക്കപ്പെട്ടതാണെന്നും പ്രതിഭാസങ്ങൾ തമ്മിൽ യുക്തിയുക്തവും പരസ്പരാശ്രിതവുമായ ബന്ധമുന്നെും എല്ലാ പ്രതിഭാസങ്ങളും ലക്ഷ്യോന്മുഖമാണെന്നും അന്വേഷണ തൃഷ്ണയോടെ പ്രപഞ്ച നിരീക്ഷണം നടത്തുന്നവർക്ക് അനായാസം മനസ്സിലാകുന്നതാണ്. പ്രതിഭാസങ്ങൾക്കുള്ളിലും അവക്കിടയിലും വിളങ്ങുന്ന നിർമാണ വൈഭവവും യുക്തിയുക്തതയും അവക്കു പിന്നിൽ സർവശക്തനും സർവജ്ഞനുമായ ഒരു നിർമാതാവിന്റെ അസ്തിത്വത്തിനും ഏകത്വത്തിനും സാക്ഷ്യം വഹിക്കുന്നു. സ്വതന്ത്രമായ ഇഛാശക്തിയും അധികാരവുമുള്ള പലശക്തികൾക്ക് ഒറ്റതിരിഞ്ഞോ കൂട്ടായോ പ്രവർത്തിച്ച് ഇങ്ങനെയൊരു പ്രപഞ്ചം സൃഷ്ടിക്കാനാവില്ല. അതിനാൽ യഥാർഥ സ്രഷ്ടാവ് എല്ലാവിധ ബഹുത്വങ്ങൾക്കും പങ്കാളിത്തങ്ങൾക്കും അതീതനും പരിശുദ്ധനുമാണ്.

ആകാശഭൂമികളെ യാഥാർഥ്യമായി സൃഷ്ടിച്ചിരിക്കുന്നുവെന്നതിന്റെ അനിവാര്യമായ താൽപര്യമാണ് മനുഷ്യ സൃഷ്ടിക്കും ചില അർഥങ്ങളും ലക്ഷ്യങ്ങളുമുന്നെത്. ഒരു സൃഷ്ടിയിൽ ഉദ്ദേശ്യലക്ഷ്യങ്ങളു് എന്നത്, ആ സൃഷ്ടി അതിന്റെ ലക്ഷ്യം നിറവേറ്റിയോ എന്ന് എന്നെങ്കിലുമൊരിക്കൽ പരിശോധിക്കപ്പെടുന്നതിനെയും അനിവാര്യമാക്കുന്നു. സൂറ *അൽമുഅ്മിനൂൻ* 115-ാം സൂക്തം ഇക്കാര്യം ഇങ്ങനെ ഉണർത്തിയിരിക്കുന്നു: أَفَحَسِبۡتُمۡ أَنَّمَا خَلَقۡنَٰكُمۡ عَبَثٗا وَأَنَّكُمۡ إِلَيۡنَا لَا تُرۡجَعُونَ (നിങ്ങളെ നാം വൃഥാ സൃഷ്ടിച്ചതാണെന്നും നമ്മിലേക്ക് തിരിച്ചയക്കപ്പെടുകയില്ലെന്നും വിചാരിച്ചിരിക്കുകയാണോ നിങ്ങൾ?)

അവിശ്വാസികളും വിഗ്രഹാരാധകരും അടിസ്ഥാനപരമായി മരണാനന്തര ജീവിതത്തിൽ വിശ്വസിച്ചിരുന്നില്ല. അങ്ങനെയൊരു ജീവിതം ഉാവുകയാണെങ്കിൽ തന്നെ തങ്ങൾ ആരാധിക്കുന്ന ബഹുദൈവങ്ങൾ ദുരിതങ്ങളിൽനിന്നെല്ലാം രക്ഷിച്ച് തങ്ങളെ സ്വർഗത്തിലെത്തിച്ചുകൊള്ളുമെന്നായിരുന്നു അവരുടെ സങ്കൽപം. ഈ സങ്കൽപം പ്രപഞ്ച സൃഷ്ടിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളുടെ -بِٱلۡحَقِّ ന്റെ നിഷേധമാകുന്നു. تَعَٰلَىٰ عَمَّا يُشۡرِكُونَ എന്ന വാക്യത്തിൽ ഈ അന്ധവിശ്വാസത്തിന്റെ ഖണ്ഡനവും കൂടിയു്. അതായത് സൃഷ്ടികളുടെ ജന്മലക്ഷ്യം സഫലമാക്കിയോ എന്ന് പരിശോധിക്കപ്പെടുന്ന നാളിൽ സാക്ഷാൽ സ്രഷ്ടാവിന്റെ പിടുത്തത്തിൽ നിന്നു രക്ഷിക്കാൻ അവർ ദൈവത്തിന്റെ പങ്കാളികളായി ആരാധിക്കുന്നവരാരുമാവില്ല.

**4:** إنسان എന്ന പദം മനുഷ്യവർഗത്തെ മുഴുവൻ ഉൾക്കൊള്ളുന്നതാണ്. എങ്കിലും ഇവിടെ പ്രഥമമായി ഉദ്ദേശിക്കപ്പെടുന്നത് മുൻസൂക്തങ്ങൾ സംബോധന ചെയ്ത അവിശ്വാസികളും ബഹുദൈവാരാധകരുമാകുന്നു. താൽപര്യമിതാണ്: മ്ലേഛവും നിസ്സാരവുമായ ഒരു ദ്രാവക കണത്തിൽനിന്ന് അല്ലാഹു സൃഷ്ടിച്ച ജീവിയാണ് മനുഷ്യൻ. ആ ഹീനമായ ജലകണം ഇന്നിക്കാണും വണ്ണം തടിയും തും കഴിവും കരുത്തും ബുദ്ധിയും വിചാരവുമുള്ള മനുഷ്യനായിത്തീർന്നു. അപ്പോഴതാ ആ മനുഷ്യൻ തന്റെ പൂർവാവസ്ഥകൾ അമ്പേ മറന്ന് സ്വന്തം സ്രഷ്ടാവിനെക്കുറിച്ചു തർക്കിക്കാൻ ധൃഷ്ടനായിരിക്കുന്നു. മരിച്ചു മണ്ണായാൽ പിന്നെ പുനരുജ്ജീവനം അസംഭവ്യമാണെന്ന് കരുതുന്ന അവൻ ചോദിക്കുന്നു: أَءِذَا مِتْنَا وَكُنَّا تُرَابًا ذَٰلِكَ رَجْعٌ بَعِيدٌ നാം മരിച്ചു മണ്ണായി കഴിഞ്ഞ ശേഷം വീും ജീവിപ്പിക്കപ്പെടുകയോ? അതിവിദൂരമായ മടക്കം തന്നെയാണത് (ق: 3). അവർ ആരാധിക്കുന്ന ദൈവങ്ങളുടെ നിലനിൽപിനു വേിയും വിശ്വാസികളോട് തർക്കിക്കുകയും പോരാടുകയും ചെയ്യുന്നു. അതെകുറിച്ച് 27-ാം സൂക്തത്തിൽ ഇങ്ങനെ പറയുന്നു: وَيَقُولُ أَيْنَ شُرَكَآءِيَ ٱلَّذِينَ كُنتُمْ تُشَٰٓقُّونَ فِيهِمْ അന്ത്യനാളിൽ അല്ലാഹു അവരോടു ചോദിക്കും: ഭൗതിക ജീവിതത്തിൽ നിങ്ങൾ ആർക്കുവേി പോരാടിയിരുന്നുവോ, ആ പങ്കാളികൾ ഇപ്പോഴെവിടെ?

خصم ന്റെ അത്യുത്തമവാചിയാണ് خَصِيمٌ. തർക്കവും കക്ഷിത്വവുമാണ് خصم. തർക്കിക്കുന്നവൻ, വാദി, കേസിലെ കക്ഷി തുടങ്ങിയ അർഥങ്ങളിൽ കർതൃപദമായും خصم ഉപയോഗിക്കുന്നു. ഒരു കേസിലെ ഇരു കക്ഷികൾ എന്ന അർഥത്തിൽ خصمان എന്നു പറയും. കൊടിയ പ്രതിയോഗിയും മഹാ താർക്കികനും ഏറെ തർക്കിക്കുന്നവനുമാണ് خَصِيمٌ.

**5-8:** സംബോധിതരുടെ ചുറ്റുമുള്ളതും അവരുടെ ജീവിതത്തിനാധാരമായി വർത്തിക്കുന്നതുമായ ചില പ്രതിഭാസങ്ങൾ ചൂിക്കാണിച്ചുകൊ് അവയെല്ലാം പ്രപഞ്ച സ്രഷ്ടാവിന്റെ അപാരമായ യുക്തിജ്ഞാനത്തെയും അളവറ്റ ഔദാര്യത്തെയും കാരുണ്യത്തെയും സാക്ഷ്യപ്പെടുത്തുന്നുവെന്നുണർത്തുകയാണീ സൂക്തങ്ങൾ. ഈ ജീവിത സൗകര്യങ്ങളെല്ലാം നിങ്ങൾക്ക് ലഭിച്ചത് അല്ലാഹുവിങ്കൽനിന്നാണ്: പക്ഷേ, മറ്റുള്ളവരോടാണ് നിങ്ങളുടെ കൂറത്രയും. ഈ ഭൗതികവിഭവങ്ങളെല്ലാം യാതൊരുത്തരവാദിത്വവുമില്ലാതെ യഥേഷ്ടം അനുഭവിക്കാൻ വേി സൃഷ്ടിച്ചു വിട്ടിരിക്കുകയാണെന്നും ആരോടും ഒരിക്കലും അതിനു കണക്കുപറയേതില്ലെന്നും നിങ്ങൾ കരുതുന്നു.

ഇടയ സമൂഹമായിരുന്ന അറബികളുടെ ജീവിതം കാലിസമ്പത്തിലധിഷ്ഠിതമായിരുന്നതുകൊാണ് ഒന്നാമതായി അവയെ പരാമർശിച്ചത്. കാലികളുടെ സമൃദ്ധിയിലായിരുന്നു അവരുടെ ക്ഷേമവും ഐശ്വര്യവും. അവയുടെ പാലും മാംസവും മുഖ്യാഹാരമായിരുന്നു. രോമം ശൈത്യകാല വസ്ത്രമായിരുന്നു. തുകിൽ വസ്ത്രമായും പാത്രമായും താമസത്തിനുള്ള തമ്പുകളായും പ്രയോജനപ്പെട്ടു. ഒട്ടകങ്ങളെ സവാരി ചെയ്യാനും ചരക്കു കടത്താനും ഉപയോഗിച്ചു. കാലികളുടെ അസ്ഥികൾ പോലും പലവിധ ആവശ്യങ്ങൾക്കുപയോഗിച്ചിരുന്നു. ഒരു വ്യക്തിയുടെ അല്ലെങ്കിൽ കുടുംബത്തിന്റെ സമ്പന്നതയും പ്രതാപവും അളന്നിരുന്നത് അവരുടെ കാലിസമ്പത്തു നോക്കിയായിരുന്നു. അതിനാൽ പുലർകാലത്ത് കാലികളെ മേയാൻ വിടുമ്പോഴും വൈകുന്നേരം ആലയിലേക്കു തിരിച്ചു കൊവരുമ്പോഴും അവർക്ക് വലിയ സന്തോഷവും അഭിമാനവുമായിരുന്നു. വാഹനങ്ങളായി മാത്രം ഉപയോഗിക്കുന്ന കുതിര, കോവർ കഴുത, കഴുത തുടങ്ങിയ മൃഗങ്ങളെ സൃഷ്ടിച്ചു തന്നതും അല്ലാഹു തന്നെയാണ്. അവയെല്ലാം മനുഷ്യ ജീവിതത്തിന്റെ അലങ്കാരങ്ങളാണ്. ഇതുപോലെ മർത്യ ജീവിതം സുഗമമാക്കുന്നതിനുവേി, അവർ ഇനിയും മനസ്സിലാക്കിയിട്ടില്ലാത്ത എത്രയോ സംഗതികൾ അവൻ സൃഷ്ടിച്ചുകൊിരിക്കുന്നു്. നേരിട്ടോ അല്ലാതെയോ നിങ്ങൾ അല്ലെങ്കിൽ മറ്റു ജനങ്ങൾ അവ അനുഭവിച്ചുകൊിരിക്കുന്നുമു്. ഈ അനുഗ്രഹങ്ങളൊക്കെയും അല്ലാഹു നൽകുന്നതാണെങ്കിലും നിങ്ങൾ കൂറും അനുസരണവും അടിമത്തവും അർപ്പിക്കുന്നത് ഇതൊന്നും ചെയ്യാത്തതും ചെയ്യാൻ കഴിവില്ലാത്തതുമായ മിഥ്യാ ദൈവങ്ങൾക്കാണ്.

അനുഗ്രഹം, ഐശ്വര്യം, സമൃദ്ധി തുടങ്ങിയ അർഥങ്ങളിലുള്ള نعمة ൽനിന്നുത്ഭവിച്ചതാണ് أنعام. അറബികളുടെ ഏറ്റവും വലിയ അനുഗ്രഹം കാലികളായിരുന്നതുകൊാണ് അവ أنعام എന്നു വിളിക്കപ്പെട്ടത്. ആഹാരമായും ഉപകരണമായും പ്രയോജനപ്പെടുന്ന ആട്, മാട്, ഒട്ടകം എന്നിവയാണ് أنعام. ഒട്ടകം ഇല്ലാതെ ആടിനും മാടിനും മാത്രമായി أنعام ഉപയോഗിക്കാറില്ല. ആടും മാടും ഇല്ലാതെ ഒട്ടകത്തെ മാത്രം ഉദ്ദേശിക്കുമ്പോൾ النعم എന്നാണുപയോഗിക്കുക. താപത്തിനും താപമാധ്യമത്തിനും دف എന്ന് പറയും. ഇവിടെ ഉദ്ദേശ്യം ശൈത്യകാലത്ത് ശരീരത്തിന് ചൂടു പകരുന്ന കമ്പിളി വസ്ത്രമാണ്. വെള്ളം തേവുക, നിലം ഉഴുക, ചർമം കൊും അസ്തികൊും പാത്രവും മറ്റുപകരണങ്ങളും നിർക്കുക തുടങ്ങിയവയാണ് കാലികൾ കൊുള്ള മറ്റു منافع- പ്രയോജനങ്ങൾ. സൗന്ദര്യമാണ് جمال. തിന്മ (قبح) യുടെ വിപരീതമായും ഇതുപയോഗിക്കും. جمال രു തരമു്. ഒന്ന്, മനസ്സിലും ശരീരത്തിലും കർമത്തിലും സ്വയം അനുഭവപ്പെടുന്ന രസം അഥവാ ആനന്ദം. ര്, തന്നിൽനിന്ന് മറ്റുള്ളവരിലേക്ക് പകരുന്ന രസാനുഭവം, ആനന്ദം. ان الله جميل يحبّ الجمال അല്ലാഹു സൗന്ദര്യമുള്ളവനാണ്, അവൻ സൗന്ദര്യം ഇഷ്ടപ്പെടുന്നു- എന്ന നബിവചനത്തിലെ جمال. ഈ അർഥത്തിലുള്ളതാണെന്ന് ഇമാം റാഗിബ് പറയുന്നു. അല്ലാഹുവിൽ നിന്ന് അപാരമായ നന്മകൾ പ്രവഹിക്കുന്നുവെന്നും ആകയാൽ ആ ഗുണമുള്ള സൃഷ്ടികളെ അവൻ സ്നേഹിക്കുന്നുവെന്നുമാണതിനർഥം. സമ്പന്നരായാലും പ്രതാപത്താലുമാകുന്ന സുഖാനുഭൂതിയെയാണ് ഇവിടെ جمال എന്നു വർണിച്ചിരിക്കുന്നത്. جمال ന്റെ മറ്റൊരു ഭാഷ്യമാണ് زينة. ആശയപരമായ സൗന്ദര്യങ്ങൾ കൂടി ഉൾക്കൊള്ളുന്നതാണ് جمال. ബാഹ്യാലങ്കാരങ്ങൾക്കാണ് زينة അധികവും ഉപയോഗിക്കുക. ഇക്കാലത്ത് മേത്തരം കാറുകളും മറ്റും വ്യക്തിയുടെയും കുടുംബത്തിന്റെയും അലങ്കാരങ്ങളായി കണക്കാക്കപ്പെടുന്നതുപോലെ കുതിരകളുടെയും ഒട്ടകങ്ങളുടെയും സമൃദ്ധി വ്യക്തിയുടെയും കുടുംബത്തിന്റെയും അലങ്കാരമായി പുരാതന കാലത്ത് ഗണിക്കപ്പെട്ടിരുന്നു. വൈകുന്നേരം മേച്ചിൽ പുറത്തുനിന്ന് കാലികളെ ആലയിലേക്ക് തെളിച്ചുകൊുവരുന്നതിന് إراحة എന്നു പറയുന്നു. അതിൽനിന്നുള്ള ക്രിയയായ أراحയുടെ വർത്തമാന മധ്യമപുരുഷ ബഹുവചനമാണ് تُرِيحُونَ. രാവിലെ കാലികളെ മേയാൻ വിട്ടയക്കുന്നതിന് سَرْح എന്നുപറയുന്നു. അതിൽനിന്നുള്ള ക്രിയയായ سَرَحയുടെ വർത്തമാന മധ്യമപുരുഷ ബഹുവചനമാണ് تَسْرَحُونَ. കാലികളെ മേയാൻ വിടുന്നതിനുമുമ്പ് തിരിച്ചുകൊുവരുന്നതിനെ പരാമർശിച്ചത്, വയറൊട്ടിയ കാലികൾ മേച്ചിൽ പുറത്തേക്ക് പോകുന്ന കാഴ്ചയെക്കാൾ സംതൃപ്തിയും സന്തുഷ്ടിയും

നൽകുന്നത് അവ നിറഞ്ഞവയറുമായി പ്രസരിപ്പോടെ തിരിച്ചു വരുന്ന കാഴ്ചയാകുന്നു എന്നതുകൊാണ്. അവ നിങ്ങളുടെ ഭാരങ്ങൾ ചുമക്കുന്നു -وَتَحۡمِلُ أَثۡقَالَكُمۡ- എന്നു പറഞ്ഞതിൽ നിങ്ങളുടെ ശരീര ഭാരവും ചരക്കുകളുടെ ഭാരവും പെടുന്നു. അതായത്, നിങ്ങളെയും നിങ്ങളുടെ ചരക്കുകളെയും വഹിക്കുന്നു. മാനസികമോ ശാരീരികമോ ആയി വലിയ ക്ലേശമുാവുക എന്ന അർഥത്തിലുള്ള مَشَقّة ന്റെ മറ്റൊരു ഭാഷ്യമാണ് شِقّ. ഇവിടെ بِشِقِّ ٱلۡأَنفُسِۚ കൊുദ്ദേശിക്കുന്നത് കായ ക്ലേശമാണ്. بغل ന്റെ ബഹുവചനമാണ് بغال. ആൺകഴുതയും പെൺകുതിരയും ഇണചേർന്നുാകുന്ന മൃഗമാണ് കോവർ കഴുത(mule). അറബിയിൽ ഈ വർഗത്തിന്റെ ആണിനും പെണ്ണിനും بغل എന്നു പറയുന്നു. പെൺ കോവർ കഴുതകൾ പ്രസവിക്കാറില്ല എന്ന ഒരു പ്രത്യേകതയും ഈ വർഗത്തിനു്. കോവർകഴുത ഭാരംവഹിക്കാനും സവാരിക്കും പ്രയോജനപ്പെടുന്നു.

إِنَّ رَبَّكُمۡ لَرَءُوفٞ رَّحِيمٌ എന്ന വാക്യം ഈ വചനങ്ങളുടെ അടിസ്ഥാന പാഠമാണ്. ഈ അനുഗ്രഹങ്ങളെല്ലാം ആസ്വദിക്കുന്ന മനുഷ്യൻ അവയുടെ ദാതാവ് അളവറ്റ കനിവും കാരുണ്യവും ഔദാര്യവുമുള്ളവനാണെന്ന് മനസ്സിലാക്കേതു്. അനന്തരം അതിന്റെ അനിവാര്യ താൽപര്യമായി വരുന്ന ബാധ്യതകൾ നിർവഹിക്കാൻ തയാറാവുകയും വേണം. അനുഗ്രഹദാതാവിനോട് കൂറും നന്ദിയും വിധേയത്വവുമുള്ള അടിമകളായിരിക്കുക എന്നതാണാ താൽപര്യം. അവന്റെ അവകാശങ്ങൾ മറ്റുള്ളവർക്ക് വകവെച്ചു കൊടുക്കുന്നതും അവന്റെയും അവന്റെ ദീനിന്റെയും പ്രതിയോഗികളായി രംഗത്തു വരുന്നതും അവനോടുള്ള നന്ദികേടും ധിക്കാരവുമാണ്.

ഇമാം മാലിക്കും അബൂഹനീഫയും, കുതിരമാംസം തിന്നുന്നത് നിഷിദ്ധമാകുന്നു എന്നതിനു പ്രമാണമായി ഈ സൂക്തങ്ങൾ ഉന്നയിച്ചിരിക്കുന്നു. 5-ാം സൂക്തത്തിൽ കാലികളെക്കുറിച്ചു പറഞ്ഞപ്പോൾ അവയുടെ ആഹാരയോഗ്യത പരാമർശിച്ചിരിക്കുന്നു. കാലികളല്ലാത്ത വളർത്തു മൃഗങ്ങളെക്കുറിച്ച് പറഞ്ഞപ്പോൾ അവയുടെ വാഹനയോഗ്യതയും അലങ്കാരവും മാത്രമേ പരാമർശിച്ചിട്ടുള്ളൂ. കുതിരയെയും കോവർ കഴുതയെയും കഴുതയെയും ഭക്ഷിക്കുന്നത് അനുവദനീയമല്ലെന്നാണതിൽനിന്ന് മനസ്സിലാക്കേത്. ദാറഖുത്നി നിവേദനം ചെയ്ത ഒരു നബിവചനത്തിൽ പറയുന്നു: "നബി(സ) ഖൈബർ യുദ്ധനാളിൽ കുതിര, കോവർകഴുത, കഴുത എന്നിവയുടെയും തേറ്റയുള്ള ഹിംസ്രജന്തുക്കളുടെയും വേട്ടനഖമുള്ള പക്ഷികളുടെയും മാംസം ഭക്ഷിക്കുന്നത് നിരോധിച്ചിരിക്കുന്നു." സമുദായം പൊതുവിൽ പിന്തുടർന്നു വരുന്ന നിലപാട് ഇതാണ്. എങ്കിലും ഖുർതുബിയെപ്പോലുള്ള ചില പൂർവസൂരികൾ ഈ വീക്ഷണവുമായി വിയോജിച്ചിട്ടു്. പ്രസ്തുത മൃഗങ്ങളുടെ മാംസം ഭക്ഷിക്കുന്നത് നിഷിദ്ധമാക്കുന്ന ഖണ്ഡിതമായ പ്രമാണങ്ങൾ ഖുർആനിലോ സുന്നത്തിലോ ഇല്ലെന്നാണദ്ദേഹത്തിന്റെ പക്ഷം.

ഭൂരിപക്ഷം കർമശാസ്ത്ര പണ്ഡിതന്മാർ കുതിരക്ക് സകാത്തില്ല എന്നതിന് പ്രമാണമാക്കുന്നതും ഈ സൂക്തങ്ങളെയാണ്. ഈ ജന്തുക്കളിൽനിന്ന് അനുവദിച്ച കാര്യങ്ങൾ അല്ലാഹു നമുക്ക് നൽകിയ ഔദാര്യമാണ്. അവയുടെ പ്രയോജനം കൊ് അവൻ നമ്മെ ആദരിച്ചിരിക്കുകയാണ്. അതിന്റെ പേരിൽ ഒരു ബാധ്യത ചുമത്താൻ പ്രബലമായ തെളിവുവേണം. ഈ വിഷയത്തിൽ അതില്ല. ഇതാണവരുടെ ന്യായം. ഇക്കാര്യത്തിൽ ഇമാം അബൂഹനീഫയുടെ നിലപാട് ഇതാണ്: കുതിരകളെ മേയ്ച്ചു വളർത്തുന്നവർ ഓരോ കുതിരക്കും ഒരു ദീനാർ വീതം സകാത്ത് കൊടുക്കേണം. വേണമെങ്കിൽ അവക്കു വില കെട്ടി, ഓരോ നൂറു ദിനാറിനും അഞ്ചുദിർഹം വീതവും നൽകാം. "മേയ്ച്ചു വളർത്തുന്ന ഓരോ കുതിരക്കും ഒരു ദീനാർ വീതം നൽകേണം" എന്ന് പ്രവാചകൻ പ്രസ്താവിച്ചിട്ടുള്ളതായി ഉദ്ധരിക്കപ്പെടുന്ന ഒരു നിവേദനമാണദ്ദേഹത്തിന്റെ തെളിവ്. ഈ നബിവചനത്തിന്റെ നിവേദന ശൃംഖല തീരെ ദുർബലമാണെന്ന് ദാറഖുത്നി പ്രസ്താവിച്ചിരിക്കുന്നു. വാഹനാവശ്യാർഥം വളർത്തുന്ന ഒന്നോ രോ കുതിരകൾക്ക് സകാത്ത് ബാധകമല്ലെന്നും വ്യവസായാടിസ്ഥാനത്തിൽ വളർത്തുന്നവക്ക് സകാത്ത് ബാധകമാകുന്നുവെന്നുമാണ് ഈ വിഷയത്തിലുള്ള യുക്തിസഹമായ നിലപാട്.

**9:** മനുഷ്യന്റെ ഭൗതികജീവിതം സുഗമവും സുന്ദരവുമാക്കുന്നതിന് വേി അല്ലാഹു ഒരുക്കിത്തന്ന വിഭവങ്ങളും ഉപാധികളുമാണ് മുൻ സൂക്തങ്ങളിൽ അനുസ്മരിച്ചത്. സ്രഷ്ടാവ് എന്ന നിലയിൽ തന്റെ സൃഷ്ടികളോടുള്ള അല്ലാഹുവിന്റെ ധർമമാണത്. ആ വിഭവങ്ങളനുഭവിച്ചു കൊുള്ള മർത്യ ജീവിതത്തിന്റെ ലക്ഷ്യവും ആ ലക്ഷ്യത്തിലേക്കുള്ള മാർഗവും, അഥവാ മനുഷ്യന്റെ പരലോക ജീവിതം കൂടി സുന്ദരവും സുഗമവുമാകുന്നതിനുള്ള ഉപാധികൾ പഠിപ്പിച്ചു കൊടുക്കുക എന്നതും അവന്റെ തന്നെ ധർമമാകുന്നു- മനുഷ്യന്റെ മുമ്പിൽ അയഥാർഥമായ ലക്ഷ്യങ്ങളും വക്രമായ മാർഗങ്ങളും ധാരാളമുായിരിക്കെ വിശേഷിച്ചും. ഈ സംഗതി അൽ ഹിജ്റിൽ -هَٰذَا صِرَٰطٌ عَلَيَّ مُسۡتَقِيمٌ- എന്നിലേക്കുള്ള നേരായ മാർഗമാണിത് എന്ന വാക്യത്തിലൂടെയും സൂറ ഹൂദിൽ إِنَّ رَبِّي عَلَىٰ صِرَٰطٖ مُّسۡتَقِيمٖ തീർച്ചയായും എന്റെ നാഥൻ ശരിയായ മാർഗത്തിലാകുന്നു- എന്ന വാക്യത്തിലൂടെയും സൂചിപ്പിച്ചിട്ടുള്ളതാണ്. സങ്കീർണവും ജഡിലവുമായ നിരവധി മാർഗങ്ങൾക്കിടയിൽ ശരിയായ മാർഗം തെരഞ്ഞെടുക്കുക മനുഷ്യന് ദുഷ്കരമായതിനാലാണ് അത് ചൂിക്കാണിക്കാനുള്ള ഉത്തരവാദിത്വം അല്ലാഹു സ്വയം ഏറ്റെടുത്തതെന്ന ധ്വനി കൂടി -وَمِنۡهَا جَآئِرٞۚ- എന്ന വാക്യത്തിലു്.

തെറ്റായ മാർഗങ്ങൾക്കിടയിൽ ശരിയായ മാർഗം ഏതാണെന്ന് ചൂിക്കാണിക്കുക എന്നതല്ലാതെ മനുഷ്യരെ ബലാൽക്കാരം സന്മാർഗസ്ഥരാക്കുക അല്ലാഹുവിന്റെ ഉദ്ദേശ്യമല്ല. അതവന്റെ രീതിയുമല്ല. ബുദ്ധിയും വിവേചന ശക്തിയും ഉപയോഗിച്ച് ഇഷ്ടമുള്ള മാർഗം തെരഞ്ഞെടുക്കാൻ എല്ലാവർക്കും സ്വാതന്ത്ര്യം നൽകിയിരിക്കുകയാണവൻ. ഇതാണ് وَلَوۡ شَآءَ... എന്ന സമാപന വാക്യത്തിന്റെ താൽപര്യം. ദൈവനിർദിഷ്ടമായ മാർഗം സ്വീകരിച്ചവർ അതിന്റെ സൽഫലവും വക്രമാർഗങ്ങൾ സ്വീകരിച്ചവർ അതിന്റെ ദുഷ്ഫലവും അനുഭവിക്കേിവരും. ഈ സൂറയുടെ അവസാന ഭാഗത്ത് ഇക്കാര്യം ഇങ്ങനെ വ്യക്തമാക്കിയിരിക്കുന്നു:

إِن تَحۡرِصۡ عَلَىٰ هُدَىٰهُمۡ فَإِنَّ ٱللَّهَ لَا يَهۡدِي مَن يُضِلُّۖ وَمَا لَهُم مِّن نَّٰصِرِينَ

(അവരെ സന്മാർഗസ്ഥരാക്കാൻ നീ എത്ര തന്നെ കൊതിച്ചാലും ശരി, ബോധപൂർവം മാർഗഭ്രംശം കൈക്കൊവരെ സന്മാർഗ ദർശനം ചെയ്യേ കാര്യം അല്ലാഹുവിനില്ല. അത്തരക്കാരെ സഹായിക്കാൻ പരലോകത്തിൽ ആരും ഉായിരിക്കുകയുമില്ല). ●